Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിലെയും സർക്കാർ ഓഫീസുകളിലെയും ഫയലുകൾ കാലതാമസമില്ലാതെ അതിവേഗം തീർപ്പാക്കാൻ ഫയൽ അദാലത്തുകൾ ഉൾപ്പെടെ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിവരുന്നു. ഒരു ഓഫീസറുടെ അഭാവത്തിൽ ലിങ്ക് ഓഫീസർക്ക് പ്രസ്തുത ഫയലുകൾ കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിൽ ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ സർക്കാർ ഓഫീസുകളും ഇ-ഫയലുകൾ കൈകാര്യം ചെയ്യാൻ സജ്ജമായിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ഇ-ഫയൽ, ഇ-ഓഫീസ് എന്നിവ പൂർണ്ണസജ്ജമായി കൈകാര്യം ചെയ്യുന്ന സംസ്ഥാനത്തെ ഡയറക്ടറേറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത ഡയറക്ടറേറ്റുകളിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് ഇ -ഓഫീസ് മുഖേന ഫയലുകൾ അയയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് ഇന്റർ ഓഫീസ് ഫയൽ ട്രാൻസ്ഫർ സംവിധാനം മുഖേന ഫയലുകൾ അയയ്ക്കാൻ സാധിക്കും.

കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ നിയമനം

23 (4746) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്/അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്/വിജിലൻസ് ട്രിബ്യൂണൽ/കേരള ലോകായുക്ത എന്നീ വകുപ്പുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II വിഭാഗത്തിൽ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്; വകുപ്പ് തിരിച്ച് മറുപടി ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് സെക്രട്ടറിയേറ്റ്	153
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ	47
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	25
അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്	12
വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം	3
വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്	2
കേരള ലോകായുക്ത	4

(ബി) പ്രസ്തുത വകുപ്പുകളിൽ ടി തസ്തികയിൽ നിലവിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം വകുപ്പ് തിരിച്ച് നൽകാമോ?

ഗവ. സെക്രട്ടറിയേറ്റ്: 162 (അന്യത്രസേവന വ്യവസ്ഥയിൽ 2 പേരും സൂപ്പർന്യൂമററി തസ്തികയിൽ 7 പേരും ഉൾപ്പെടെ.) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ: 47 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്: 23, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്: 9, വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം: 3, വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്: 1, കേരള ലോകായുക്ത: 4.

(സി) പ്രസ്തുത വകുപ്പുകളിൽ മേപ്പടി തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളത്; വിശദാംശം വകുപ്പ് തിരിച്ച് നൽകാമോ?

ഗവ. സെക്രട്ടറിയേറ്റ്: 38 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 എൻ.ജെ.ഡി. ഒഴിവ് റിപ്പോർട്ട് ചെയ്യാനുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ: ഒഴിവുകളൊന്നും നിലവിലില്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്: നിലവിലുള്ള 2 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്: 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം: ഒഴിവുകളൊന്നും നിലവിലില്ല. വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്: 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 ഒഴിവു റിപ്പോർട്ട് ചെയ്യാനുണ്ട്. കേരള ലോകായുക്ത: ഒഴിവുകളൊന്നും നിലവിലില്ല

(ഡി) പ്രസ്തുത വകുപ്പുകളിൽ ഈ തസ്തികയിൽ രണ്ട് വർഷത്തിനുള്ളിൽ പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിങ്ങനെ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നു; വിശദാംശം അറിയിക്കാമോ?

ഗവൺമെന്റ് സെക്രട്ടറിയേറ്റ്: വിരമിക്കൽമൂലം 33 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. പ്രൊമോഷൻമൂലമുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ കഴിയുകയില്ല. കേരള പബ്ലിക് സർവീസ് കമ്മീഷൻ: വിരമിക്കൽമൂലം 21 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്: വിരമിക്കൽമൂലം 5 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. പ്രൊമോഷൻമൂലമുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കാൻ കഴിയുകയില്ല. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്: 3 വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം: 0 വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്: 0 കേരള ലോകായുക്ത: 0

(ഇ) ഈ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ പുതിയ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്നറിയിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം

24 (4747) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിഗണനയിലില്ല.

തസ്തികമാറ്റംവഴി ആശ്രിത നിയമനം

25 (4748) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഫെബ്രുവരി 3, 4, 5 തീയതികളിൽ മുഖ്യമന്ത്രി നടത്തിയ അദാലത്തിൽ തസ്തികമാറ്റം വഴി ആശ്രിത നിയമനം ലഭിക്കുന്നതിന് എത്ര പേരുടെ അപേക്ഷയാണ് ലഭിച്ചതെന്നറിയിക്കാമോ?

മുഖ്യമന്ത്രി നേരിട്ട് അദാലത്ത് നടത്തിയിട്ടില്ല. അദാലത്തിന് വിളിച്ച 139 പേരിൽ 102 പേർ അദാലത്തിൽ പങ്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly